പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1499 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ; | (എ) ബ്ലോക്ക് പഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പ് കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ഇ-ടെണ്ടർ, ഓൺലൈൻ സംവിധാനം, അക്കൗണ്ടിംഗ് സമ്പ്രദായം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഫയലിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിംഗ് പുന:സ്ഥാപിച്ചു സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തി. |
| (ബി) ബ്ലോക്ക് പഞ്ചായത്തുകൾ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നതെന്നും ഇതിനുള്ള ബജറ്റ് വിഹിതം എത്രയാണെന്നും വിശദമാക്കുമോ; | (ബി) ഇന്ദിരാ ആവാസ് യോജന, ഇന്റഗ്രേറ്റഡ് വാട്ടർ ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം/ഹരിയാലി/ഐ.ഡബ്ല്യു.എം.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ചുള്ള വികസന പദ്ധതികളും ആണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ.<br><br>ഈ സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതിക്കുള്ള ബജറ്റ് വിഹിതം 109.20 കോടി രൂപയും ഐ.ഡബ്ല്യു.എം.പി. പദ്ധതിക്കുള്ള ബജറ്റ് വിഹിതം 10 കോടി രൂപയും ആയിരുന്നു. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് ബഡ്ജറ്റ് വിഹിതം 622.48 കോടി രൂപയാണ്. |
| (സി) പുതുതായി ഏതെങ്കിലും പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ